പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2484 14.12.2015-ൽ മറുപടിക്ക്

**ഡി.എച്ച്.എസ്-ന്റെ തപാൽ സെക്ഷനിലെ കാലതാമസം**

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എം. ഉമ്മർ** | **ശ്രീ. വി. എസ്. ശിവകുമാർ**<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| (എ) ഡി.എച്ച്.എസ്-ന്റെ തപാൽ സെക്ഷനിൽ പ്ലാനിംഗ് തപാൽ സംബന്ധമായ വിഷയങ്ങൾ കൈകാര്യം ചെയ്യുന്നതിന് പ്രത്യേക ജീവനക്കാരനെ നിയോഗിച്ചിട്ടുണ്ടോ; | (എ) നിയോഗിച്ചിട്ടുണ്ട്. |
| (ബി) എങ്കിൽ 2015 സെപ്തംബർ 1 മുതൽ 30 വരെ പ്രസ്തുത സീറ്റിൽ ലഭിച്ച തപാലുകൾ സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ; | (ബി) പി.എൽ.എ, പി.എൽ.ബി സെക്ഷനുകളിലായി പ്രസ്തുത കാലയളവിൽ 125 തപാലുകൾ ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു. |

| | | പി.എൽ.എ | പി.എൽ.ബി |
|---|---|---|---|
| 1 | ഓർഡിനറി തപാൽ | 42 | 19 |
| 2 | രജിസ്റ്റേർഡ് തപാൽ | 1 | 1 |
| 3 | രജിസ്റ്റേർഡ് പാർസൽ | 17 | 24 |
| 4 | സ്പീഡ് പോസ്റ്റ് | 6 | 6 |
| 5 | മറ്റു വഴിയിലൂടെ കിട്ടിയത് | 5 | 4 |
| | **ആകെ** | **71** | **54** |

ഇത് കൂടാതെ മറ്റ് 10 സെക്ഷനുകളിലെ തപാലുകളും പ്രസ്തുത സീറ്റിൽ കൈകാര്യം ചെയ്യുന്നുണ്ട്.

| | |
|---|---|
| (സി) പ്രസ്തുത തപാൽ സെക്ഷനിൽ അവ സ്വീകരിച്ച തീയതിയും | (സി) എല്ലാ പ്രവൃത്തി ദിവസങ്ങളിലും തപാലുകൾ ലഭിക്കുന്നതാണ്. പി.എൽ.എ, പി.എൽ.ബി സെക്ഷനുകളിൽ അവ തപാൽ ബുക്ക് വഴി കൊടുത്ത |

| | |
|---|---|
| ബന്ധപ്പെട്ട സെക്ഷനിലേക്ക് ആയത് നമ്പരിട്ട് നൽകിയ തീയതിയും വിശദമാക്കുമോ; | തീയതി ചുവടെ ചേർക്കുന്നു. |

| സെക്ഷൻ | തീയതി | തപാലുകളുടെ എണ്ണം |
|---|---|---|
| പി.എൽ.എ | 09/09/15 | 29 |
| | 16/09/15 | 7 |
| | 17/09/15 | 1 |
| | 30/09/15 | 34 |
| പി.എൽ.ബി | 03/09/15 | 7 |
| | 16/09/15 | 15 |
| | 17/09/15 | 1 |
| | 18/09/15 | 19 |
| | 22/09/15 | 5 |
| | 30/09/15 | 7 |

| | |
|---|---|
| (ഡി) CE/BL/PL3/ MLPM/PR/1012 /15 എന്ന നമ്പരുള്ള തപാൽ പ്രസ്തുത സെക്ഷനിൽ ലഭിച്ച തീയതിയും അതിന്മേൽ നമ്പർ നൽകി ബന്ധപ്പെട്ട സെക്ഷനിൽ ലഭ്യമാക്കിയ തീയതിയും എന്നാണെന്ന് വ്യക്തമാക്കുമോ; | (ഡി) പ്രസ്തുത തപാൽ ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ 11.09.2015-ന് ആണ് ലഭിച്ചത്. ടി തപാൽ പി.എൽ.എ സെക്ഷനിൽ 17.09.2015-ന് തപാൽ രജിസ്റ്ററിൽ രേഖപ്പെടുത്തി നൽകിയിട്ടുണ്ട്. |
| (ഇ) പ്രസ്തുത നടപടിക്ക് എത്ര ദിവസം വേണ്ടിവന്നു; കാലതാമസമുണ്ടെന്കിൽ അതിനുള്ള കാരണം എന്താണെന്ന് വിശദമാക്കുമോ; | (ഇ) പ്രസ്തുത നടപടിക്ക് ആറു ദിവസം വേണ്ടി വന്നു. ബന്ധപ്പെട്ട ക്ലാർക്ക് പ്രത്യേക ആകസ്മിക അവധിയിലായിരുന്നതുകൊണ്ടാണ് കാലതാമസം നേരിട്ടത്. പ്ലാനിംഗ് സെക്ഷന്റെയും പാർസൽ കൈകാര്യം ചെയ്തിരുന്ന സെക്ഷന്റെയും അധിക ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ രണ്ട് സെക്ഷനുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. |

(എഫ്) ഒരു ജീവനക്കാരൻ മൂന്ന് ദിവസത്തിൽ കൂടുതൽ ദൈർഘ്യമുള്ള അവധിയിൽ പ്രവേശിച്ചാൽ പ്രസ്തുത സെക്ഷനിലെ തപാലുകൾ കൈകാര്യം ചെയ്യുന്നതിന് മറ്റ് ജീവനക്കാരെ നിയോഗിക്കാൻ ഡി.എച്ച്.എസ്.-ൽ വ്യവസ്ഥയുണ്ടോ;

(എഫ്) വ്യവസ്ഥയുണ്ട്.

(ജി) എങ്കിൽ പ്രസ്തുത കാലയളവിൽ പ്രസ്തുത സെക്ഷനിൽ ജീവനക്കാരനെ നിയോഗിക്കുവാൻ ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ആരാണ്; ടിയാൾ അത് നിർവ്വഹിക്കാതിരുന്നതിനുള്ള കാരണം വിശദമാക്കുമോ; ഇതു സംബന്ധിച്ച് ടി ജീവനക്കാരിൽ നിന്നും വിശദീകരണം ആവശ്യപ്പെട്ടിരുന്നോ; വിശദാംശം നൽകുമോ;

(ജി) ജീവനക്കാരെ നിയമിക്കുന്നതിനുള്ള നിയമനാധികാരി സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ ആണ്. പ്രസ്തുത സെക്ഷൻ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരി സ്പോർട്ട്സ് മീറ്റിന് പോയിരുന്നതിനാൽ പ്രത്യേക ആകസ്മിക അവധിയിൽ ആയിരുന്നു. കൂടാതെ, തപാൽ സെക്ഷനിലെ രജിസ്റ്റേർഡ് പാഴ്സൽ, തപാലുകൾ കൈകാര്യം ചെയ്തിരുന്ന ജീവനക്കാരിയെ മറ്റ് സെക്ഷനിലേക്ക് മാറ്റുകയും ചെയ്തിരുന്നു. അവധിയിലായിരുന്ന ജീവനക്കാരുടെ ജോലികൾ ചെയ്യുവാൻ സെക്ഷൻ സൂപ്രണ്ട് പ്രത്യേക സംവിധാനം ഒരുക്കിയിരുന്നു. എന്നാൽ ഈ രണ്ട് സീറ്റുകളിലേയും അധിക ജോലി മറ്റുള്ളവർക്ക് ചെയ്യുവാൻ കഴിയുന്നതിലും അപ്പുറമായിരുന്നു. പി.എസ്.സി-യിൽ നിന്നും നിയമന ശുപാർശ നൽകിയവർ സർവ്വീസിൽ പ്രവേശിക്കാൻ കാലതാമസം നേരിട്ടതിനാൽ ആവശ്യത്തിന് ജീവനക്കാരെ ഡയറക്ടറേറ്റിൽ ലഭ്യമല്ലാതിരുന്നതു കൊണ്ടാണ് തപാൽ സെക്ഷനിൽ ഒഴിവുള്ള സീറ്റുകളിൽ പകരം ജീവനക്കാരെ നിയോഗിക്കുവാൻ താമസം നേരിട്ടത്. ഇത് കാരണം ആരോഗ്യ വകുപ്പിലെ തപാൽ സെക്ഷനിൽ ചെറിയ ഒരു കാലയളവിൽ തപാൽ വിതരണം നിശ്ചിത സമയത്തിനുള്ളിൽ നടത്താൻ കഴിയാതെ വന്നിട്ടുണ്ട്.

Jobly

സെക്ഷൻ ഓഫീസർ